# വീരാരാധനയുടെ തമോഗർത്തം

**ഫസൽ റഹ്മാൻ**

വലിയ മനുഷ്യരെ ആൾദൈവങ്ങളും അവരെ അംഗീകരിക്കുന്നവരെ ചിന്താശൂന്യരായ ഭക്തരുമാക്കി മാറ്റുന്ന ആഭിചാരമാണ് വീരാരാധന. സ്വന്തം ഈഗോയ്ക്കു മേൽ നേരിയ ഒരു വിരിയിടുകയാണ് തന്റെ ചിന്തകളെ ഒരു യാന്ത്രിക കഥാപാത്രത്തിന്റെ ആൾരൂപത്തിലൂടെ പ്രകടിപ്പിക്കുമ്പോൾ കലാകാരൻ ചെയ്യുന്നത്. കഥാപാത്രത്തിന് വ്യക്തിത്വമുണ്ടാവുക എന്നാൽ ഇതിൽ നിന്നും മാറി കഥാപാത്രം സ്വന്തം അസ്തിത്വം നേടിയെടുക്കുന്നു എന്നർത്ഥം. ചരിത്രവുമായി കണ്ണിചേർക്കപ്പെടുന്ന ഒന്നാണ് ഇതിവൃത്തമെങ്കിൽ കലാകാരന്റെ മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി ആത്മപ്രകാശനത്തിനുള്ള കേവല ഉപാധികളായി കഥയും പാത്രങ്ങളും തരം താഴുന്നില്ല എന്ന് ഉറപ്പുവരുത്തലാവണം. സ്വത്വ പ്രകാശനത്തിന് ഒരു കലാകാരന് തീർച്ചയായും അവകാശമുണ്ട്. എന്നാൽ അതുചെയ്യുന്നത് അയഥാർത്ഥമായ ഊതി വീർപ്പിക്കലിലൂടേയും വളച്ചൊടിക്കലുടേയും സൃഷ്ടിച്ചെടുക്കുന്ന വികലമായ അതിവായനയിലൂടെയാവരുത്. അസത്യത്തേക്കാൾ നിന്ദ്യമാണ് അർദ്ധസത്യങ്ങളെന്നത് ജീവിതത്തിന്റെ മറ്റേത് തുറയ്ക്കും എന്നതുപോലെ കലയ്ക്കും ബാധകമാണ്.

ഇ.എം.എസ്. എന്ന ഇതിഹാസതുല്യനായ കമ്മ്യൂണിസ്റ്റ് ആചാര്യന്റെ രാഷ്ട്രീയ സാമൂഹിക ഇടപാടുകളിൽ എന്നും പ്രകടമായിരുന്ന ശക്തി-ദൗർബല്യങ്ങളെ, അസംബന്ധത്തിന്റെ വക്കോളമെത്തുന്ന കോമാളിത്തം കലർന്ന പാർട്ടി രാഷ്ട്രീയ വങ്കത്തങ്ങൾക്കുപോലും നിന്നു പിഴക്കാവുന്ന താത്വിക-താർക്കിക ഭൂമിക സൃഷ്ടിക്കാൻ കഴിഞ്ഞ പ്രായോഗിക വാദത്തെ, അഭ്യാസിയുടെ മെയ് വഴക്കത്തോടെ വൈരുദ്ധ്യങ്ങളെ സമന്വയിപ്പിച്ച് പ്രസ്ഥാനത്തിനാവശ്യമായ ഏകീഭാവം നൽകാൻ കാണിച്ച ചാതുര്യത്തെ - എല്ലാറ്റിനെയും കണ്ടറിഞ്ഞ് കേരളത്തിന്റെ മൗലികപ്രതിഭയായ എം.എൻ. വിജയൻ കണ്ടെടുത്ത പത്തരമാറ്റ് രൂപകമാണ് 'നെയ്ത്തുകാരൻ'. അത് ഇ.എം.എസ്. തന്നെയാണ്. അത്തരമൊരു രൂപകം ചിത്രത്തിൽ പേരാക്കിയ ശേഷം ചിത്രം ഇ.എം.എസ്സിനെക്കുറിച്ചല്ല എന്നു പറയേണ്ടി വരുമ്പോൾ അവിടത്തന്നെ കാപട്യം തുടങ്ങുന്നു.

അപ്പാമേസ്തിരിയെന്ന കമ്മ്യൂണിസ്റ്റു കാരണവരുടെ മനോവ്യാപാരങ്ങളാണ് ചിത്രത്തിന്റെ പ്രമേയ ഘടനയെ നിയന്ത്രിക്കുന്നത് എന്ന് ഒറ്റനോട്ടത്തിൽ തോന്നാം. ഇ.എം.എസ് എന്ന മഹാമേരുവിന്റെ പെട്ടെന്നുള്ള ഇല്ലാതാവൽ തീർച്ചയായും കേരളീയ സാമൂഹിക പരിസരത്തിൽ ഒരു ചലച്ചിത്രകാരന്റെ പ്രതിഭയെ ത്രസിപ്പിക്കാൻ പോന്ന അനുഭവമാണ്. എന്നാൽ വാസ്തവത്തിൽ അപ്പാമേസ്തിരി ആ പ്രതിസന്ധിയെ നേരിടുന്നതെങ്ങിനെയെന്നത് ചലച്ചിത്രകാരനെ ആഴത്തിൽ സ്പർശിച്ചിട്ടില്ല എന്നു കാണാം. പകരം താൻ ഒരു വീരബിംബം (fetish) ആയി നോക്കിക്കാണുന്ന ഇ.എം.എസിനെ ചരിത്രബോധത്തിന്റെയോ പ്രത്യയശാസ്ത്ര ധാരണകളുടേയോ ധാർഢ്യമില്ലാത്ത അതിവൈകാരിക ഗൃഹാതുരത്വത്തോടെ വിളംബരപ്പെടുത്താനാണ് ചലച്ചിത്രകാരന്റെ ശ്രമം. പ്രമേയത്തിന്റെ ഗഹനത ഉൾക്കൊള്ളാനുള്ള സ്വന്തം കഴിവിനെക്കുറിച്ചുള്ള ആത്മവിശ്വാസമില്ലായ്മയും സ്വന്തം പ്രേക്ഷകരെക്കുറിച്ചുള്ള സമാനമായ ഒരു ആത്മവിശ്വാസക്കുറവും ചിത്രത്തെ ഏറെ വികലവും പ്രകടനപരവും ആക്കിയിട്ടുണ്ട്. എത് പരീക്ഷണാവസ്ഥയിലും സ്വന്തം മനോവ്യാപാരങ്ങൾ അപ്പാമേസ്തിരി ആരോടെങ്കിലും പറഞ്ഞു കേൾപ്പിക്കുന്നുണ്ട്. പലപ്പോഴും പല കഥാപാത്രങ്ങളും ഈ തുറന്നു പറയൽ നടത്താനുള്ള രംഗസജ്ജീകരണങ്ങൾ (stage pieces) മാത്രമാണ് - മാധവൻ ഉദാഹരണം. ഇങ്ങനെയൊക്കെ തെളിച്ചു പറഞ്ഞാൽ മാത്രം മനസ്സിലാക്കാൻ കഴിയുന്ന ഏതുതരം പ്രേക്ഷകരെയാണ് ചലച്ചിത്രകാരൻ ലക്ഷ്യം വെച്ചത്?

അപ്പാമേസ്തിരി പ്രസ്ഥാനത്തിന്റെ ചരിത്രഘട്ടങ്ങളിൽ എങ്ങനെ ഉറച്ചുനിന്നു എന്ന ചില സൂചനകൾ ചിത്രം നൽകുന്നുണ്ട്. എ.കെ.ജി. നിരാഹാരം അനുഷ്ഠിക്കുമ്പോൾ സ്വയം വരിച്ച നിരാഹാരത്തിലൂടെ അതിനോട് ഐക്യദാർഢ്യപ്പെടുന്ന രംഗവും, ഒളിവിൽ കഴിയുന്ന കൃഷ്ണപ്പിള്ളയെ താവളത്തിൽ എത്തിക്കുന്നതും, വിമോചനസമരത്തോട് രൂക്ഷമായി പ്രതികരിക്കുന്നതും, ഒടുവിൽ വർത്തമാനാവസ്ഥയിൽ ഇ.എം.എസ്സിന്റെ ജഡം സംസ്കരിക്കുന്നതുവരെ ജലപാനം ഒഴിവാക്കി സ്വന്തം മരണത്തിലേക്ക് പോകുന്നതുമൊക്കെ വിശദമായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ, ഇത്രയും ആർജ്ജവമുള്ള ഒരു കമ്മ്യൂണിസ്റ്റുകാരൻ അസ്പൃശ്യനല്ലാത്ത ഒന്നാന്തരം തൊഴിലാളി സഖാവ് എന്ന നിലയിൽ നിന്നും ചിത്രത്തിന്റെ വർത്തമാനകാലത്തിലെ ഉപരി മധ്യവർഗ്ഗസൗകര്യങ്ങളിലെ കാരണവർ സ്ഥാനത്തേക്ക് രൂപാന്തരപ്പെട്ടതെങ്ങനെ എന്ന ചോദ്യം ചിത്രത്തിലെങ്ങും നേരിട്ടു കാണുന്നില്ല. സ്വന്തം മുറിയുടെ ഏകാന്തതയിലേക്ക് പോകുന്ന അപ്പാമേസ്തിരിയുടെ പ്രതിഷേധം ഇ.എം.എസ്സിന്റെ മരണത്തോടുള്ള വൈകാരിക പ്രതികരണം എന്നതിനപ്പുറം എന്തെങ്കിലുമാണെന്ന് വിചാരിക്കാൻ ചിത്രത്തിൽ സൂചനകളില്ല. ഇ.എം.എസ് പ്രതിനിധാനം ചെയ്ത രാഷ്ട്രീയപാർട്ടി ഉൾപ്പെടെ കേരളീയ വിപ്ലവപാർട്ടികൾക്ക് പില്ക്കാലത്തുണ്ടായ 'വളർച്ച' പോലെതന്നെയോ ഇതും? അധികാരരാഷ്ട്രീയത്തിന്റെ എല്ലാത്തരം ഒത്തുതീർപ്പുകളിലൂടേയും അധീനപ്പെടുത്തലുകളിലൂടേയും തന്നെയാണല്ലോ പാവങ്ങളുടെ പടത്തലവന്മാർ വെറും പടങ്ങൾ മാത്രമായത്.

ജോഷിയും (വിജയരാഘവൻ) ബാഹുലേയനും (ഗോപകുമാർ) ഏത് വികലമനസ്സിന്റെ സൃഷ്ടികളാണ്? ഈ ഓന്ത് ജന്മങ്ങളോ, ശരിയായാലും തെറ്റായാലും, കേരളീയ സാമൂഹ്യ ജീവിതത്തിൽ ഏറെ സ്വാധീനമുണ്ടാക്കിയ ഒരു കലാപകാലത്തിന്റെ പ്രതിനിധികൾ? 'പ്രസ്ഥാനം തകർന്നു പോയതുകൊണ്ട് ഇപ്പോൾ ഫെമിനിസം കൊണ്ട് ഉപജീവനം കഴിക്കുന്നു' എന്നതൊക്കെ കേരളത്തിലെ ഇടത്തരം റൂഫ്ഗാർഡൻ ബുദ്ധിജീവികളുടെ മദ്യമേശയിലെ സരസ്യങ്ങളാണ്. ഈ കള്ളനാണയങ്ങളെ വെറും ഫാഷൻ നക്സലൈറ്റുകളായി ചിത്രീകരിക്കുകയൊന്നുമല്ല ഇവിടെ. തികച്ചും കുത്സിതമായ ഉദ്ദേശ്യത്തോടെ 'അന്തിക്കാട് സമ്മേളനത്തിൽ രണ്ടു ലൈൻ സമരത്തെക്കുറിച്ച് രേഖ തയ്യാറാക്കിയവർ' എന്നൊക്കെ അപ്പാമേസ്തിരിയെക്കൊണ്ട് പറയിച്ചും, അടിച്ചു പൂക്കുറ്റിയായ ബാഹുലേയനെക്കൊണ്ട് അപ്പാമേസ്തിരിയുടെ അപദാനങ്ങൾ പാടിച്ചും വല്ലാത്തൊരു ആത്മരതിയിൽ ഏർപ്പെടുകയാണ് സംവിധായകൻ. ആശയദാർഢ്യത്തോടെ തങ്ങളുടെ പ്രസ്ഥാനത്തോടൊപ്പം നിന്ന്, അതിന്റെ ശരിതെറ്റുകൾ വിലയിരുത്തി തുടരുകയോ വിട്ടുപോവുകയോ ചെയ്ത ധാരാളം നക്സലൈറ്റ് പ്രസ്ഥാനക്കാർ ഇന്നും കേരളത്തിലുണ്ട്. പക്ഷെ അത്തരമൊരു കഥാപാത്രത്തെ അവതരിപ്പിച്ചു കൊണ്ടുതന്നെ തന്റെ വീരബിംബത്തിന്റെ മഹത്വം സ്ഥാപിക്കാനുള്ള തന്റെ കഴിവുകേടാവണം സംവിധായകനെ ഈ വികൃതവൽക്കരണത്തിന് പ്രേരിപ്പിച്ചത്.

അവസാനം, അപ്പാമേസ്തിരി സ്ഥാപിക്കുന്ന തിരിച്ചറിവ് എന്താണ്? 'ഇ.എം.'ന്റെ മരണത്തോടെ എല്ലാം തീർന്നുപോയി എന്നു തോന്നുന്നത് ഏതിനം കമ്മ്യൂണിസമാണ്? കമ്മ്യൂണിസം ഹൃദയത്തിന്റെ എന്നതിലുപരി തലച്ചോറിന്റേതു കൂടിയാണ് എന്ന് തിരിച്ചറിയുമ്പോൾ, മരണം എന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കുന്നതിനു പകരം സ്വയം 'വരിച്ച മരണത്തിലൂടെ അപ്പാമേസ്തിരി ഒരുക്കുന്ന പാഠം, തന്നോളം പ്രായം തന്റെ തിരിച്ചറിവുകൾക്കില്ല എന്നു തന്നെയാണ്. 'നെയ്ത്തുകാര'നിൽ പ്രമേയത്തിന്റെ സാധ്യതകൾ ചലച്ചിത്രകാരനെ സ്പർശിച്ചിട്ടേയില്ല എന്നു വേണം മനസ്സിലാക്കാൻ, മറിച്ച് വെളിപാടിന്റെ ശക്തിയുള്ള ഒരു രൂപകവും മലയാളിയുടെ മനസ്സിലെ ഇ.എം.എസ് എന്ന വികാരം ചൂഷണം ചെയ്യുന്നതിലൂടെ നേടിയെടുക്കാവുന്ന മാധ്യമശ്രദ്ധയും സംവിധായകനെ ഏറെ പ്രലോഭിപ്പിച്ചിട്ടുണ്ട്. മുഖ്യധാരയോട് രാജിയാവാത്ത ചലച്ചിത്ര പ്രവർത്തനങ്ങൾ കാലങ്ങളായി തുടരുന്നവർക്കുപോലും നേടിയെടുക്കാനാവാത്ത മാധ്യമ-ജനകീയ ശ്രദ്ധയാണല്ലോ കേരളത്തിലെ ഒരു വലിയ പാർട്ടിയുടെ അനുഗ്രഹാശിസ്സുകളോടെ ഒറ്റയടിക്ക് സംവിധായകൻ അടിച്ചെടുത്തത്.

## നെയ്ത്തുകാരനെക്കുറിച്ച്...

കുട്ടായ്മയിൽ നെയ്തെടുത്ത് അപൂർവ്വ ചലച്ചിത്രാനുഭവമായി മാറിയ 'നെയ്ത്തുകാരൻ' സംവിധാനം ചെയ്ത പ്രിയനന്ദൻ ഈ വർഷത്തെ മികച്ച നവാഗത സംവിധായകനുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് നേടി. മികച്ച നടൻ (മുരളി), മികച്ച സഹനടി (സോന നായർ) എന്നീ അവാർഡുകളും നെയ്ത്തുകാരന് ലഭിച്ചിട്ടുണ്ട്.

നാടകമായി എഴുതി സിനിമയായി മാറിയ 'നെയ്ത്തുകാരൻ' ഏറെ വ്യത്യസ്തതകളുമായാണ് അവതരിപ്പിക്കപ്പെട്ടത്. സുഹൃത്തുക്കൾ സ്വരൂപിച്ച കുറച്ചു പണവുമായാണ് ചിത്രീകരണം ആരംഭിച്ചതു തന്നെ. നടന്മാരടക്കമുള്ള പലരും പ്രതിഫലം കാര്യമാക്കാതെ സഹകരിക്കുകയും ചെയ്തു. സുഹൃത്തുക്കൾക്കൊപ്പം കൈകൊണ്ട് പോസ്റ്റർ എഴുതി ഒട്ടിച്ചാണ് ചിത്രം പ്രദർശനം ആരംഭിച്ചതും. വിതരണക്കാരില്ലാത്തതിനാൽ ജനകീയ പ്രദർശനസംവിധാനമാണ് ഒരുക്കിയത്. നൂറിലധികം കേന്ദ്രങ്ങളിൽ ഇതിനകം 'നെയ്ത്തുകാരൻ' പ്രദർശിപ്പിക്കപ്പെട്ടു കഴിഞ്ഞു.

തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ സ്വദേശിയായ പ്രിയനന്ദൻ ഏറെ ദുരിതജീവിതാനുഭവങ്ങളുമായാണ് സിനിമാരംഗത്തെത്തുന്നത്. അച്ഛന്റെ അസുഖത്തെ തുടർന്ന് പഠനം ഏഴാം ക്ലാസ്സിൽ അവസാനിച്ചപ്പോൾ ഓട്ടുകമ്പനിയിൽ ജോലിക്കാരനായി. പിന്നീട് സ്വർണ്ണപ്പണിയിലായി ശ്രദ്ധ. പക്ഷേ കുട്ടിക്കാലം മുതൽക്കുണ്ടായിരുന്ന കലാബന്ധം അപ്പോഴും ഉപേക്ഷിച്ചിരുന്നില്ല. നാടകവുമായി ഇന്ത്യ മുഴുവൻ കറങ്ങി. നൂറിലധികം നാടകങ്ങളിൽ നല്ല നടനായി. ജില്ലാ പഞ്ചായത്തിന്റെ സംരംഭമായ കാത്രരിന്റെ 'മാലപ്പടക്കം' എന്ന കഥയും തിരുവനന്തപുരം നഗരസഭയെക്കുറിച്ച് ഡോക്യുമെന്ററിയും സംവിധാനം ചെയ്തു.


## വർഗീയത സംവാദം

ജൂൺ 15 ശനിയാഴ്ച 10 മണി മുതൽ 5 വരെ ചാലക്കുടിയിൽ

പങ്കെടുക്കുന്നവർ
ആനന്ദ്
ഡോ. എം. പി. പരമേശ്വരൻ
നൈനാൻ കോശി
സി. ആർ. പരമേശ്വരൻ
കെ. വേണു
പ്രൊഫ. കെ. ജി. ശങ്കരപ്പിള്ള
പ്രൊഫ. സാറാജോസഫ്
ഡോ. കെ. അരവിന്ദാക്ഷൻ
എം. എൻ. കാരശ്ശേരി
ഡോ. എം. ഗംഗാധരൻ
ഹമീദ് ചേന്ദമംഗല്ലൂർ
ഡോ. എ. കെ. രാമകൃഷ്ണൻ.
ഒ. അബ്ദുള്ള
സി. പി. ഗംഗാധരൻ മാഷ്
ഡോ. വടക്കേടത്ത് പത്മനാഭൻ
ഡോ. നിസാർ അഹമ്മദ്
ടി. ചന്ദ്രദത്ത്
ടോമി മാത്യു

സംഘാടനം

കേരളീയം
കൊക്കാല, തൃശ്ശൂർ -21
ഫോൺ: 0487-421385, 424572
E-Mail keraleeyamtcr@rediffmail.com